കവർസ്റ്റോറി ●

ഡോ. അബ്ദുസ്സലാം വാണിയമ്പലം



# ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ പുതിയ സാഹചര്യത്തിൽ

**ഇസ്‌ലാം** കാലാതിവർത്തിയാണെങ്കിലും ഇസ്‌ലാമിക പ്രസ്ഥാനം അങ്ങനെയല്ല. കാരണം 'വഹ്‌യി'ന്റെ അടിസ്ഥാനത്തിലുണ്ടായതല്ല, മനുഷ്യരുണ്ടാക്കിയ പ്രസ്ഥാനമാണത്. ഏതു പ്രസ്ഥാനവും രൂപീകരണ കാലം മുമ്പിൽ വെച്ചുകൊണ്ടാണ് രൂപകൽപന ചെയ്യപ്പെടുന്നത്. ആ കാലം മാറുമ്പോൾ പ്രസ്ഥാനത്തിനും മാറാതെ വയ്യ. പ്രസ്ഥാനങ്ങൾ സ്വീകരിച്ചിരിക്കുന്ന, ഇസ്‌ലാമിന്റെ മാറ്റമില്ലാത്ത അടിസ്ഥാനങ്ങൾ മാറാതെ നിൽക്കുമെങ്കിലും, ആ അടിസ്ഥാനങ്ങൾ കാലഘട്ടത്തിൽ ഫിറ്റ് ചെയ്യേണ്ടതെങ്ങനെയെന്ന മനുഷ്യന്റെ വീക്ഷണങ്ങൾ കാലാനുസൃതമായി മാറിക്കൊണ്ടിരിക്കും.

കാലം വല്ലാത്തൊരു യാഥാർഥ്യമാണ്. ഏതു വിഷയത്തിലും സുപ്രധാനമായ ഘടകം തന്നെയാണത്. സാക്ഷാൽ വഹ്‌യ് തന്നെയും അതിനെ പരിഗണിക്കാതിരുന്നിട്ടില്ല. മാറ്റമില്ലാത്ത ഇസ്‌ലാം എന്നു പറയുന്നത് പോലും അതിന്റെ അടിസ്ഥാനങ്ങളെ പറ്റിയാണ്. വിവിധ പ്രവാചകന്മാരുടെ കാലങ്ങളിൽ ഇസ്‌ലാം എങ്ങനെ പരസ്പരം വ്യത്യസ്തമായിരുന്നുവെന്ന് അവരുടെ പ്രബോധന ചരിത്രം പരിശോധിച്ചാൽ വ്യക്തമാകും. ഏകദൈവത്വം അവയുടെയൊക്കെ സ്ഥായിയായ അടിസ്ഥാനമായിരുന്നു. പക്ഷേ, സംബോധനരീതികളിലും മുൻഗണനാക്രമത്തിലും പ്രയോഗവത്കരണത്തിലും കടുത്ത അന്തരങ്ങൾ കാണാം.

ഒരേ പ്രവാചകന്റെ തന്നെ പ്രവർത്തനം സ്ഥലകാല ഭേദമനുസരിച്ച് മാറിക്കൊണ്ടിരുന്നതായും കാണാം. ഏറ്റവും വലിയ ഉദാഹരണം മുഹമ്മദ് നബി(സ)യുടേതു തന്നെ. മക്കയിലെ പ്രവർത്തനത്തിന്റെ മുൻഗണനാക്രമമല്ല മദീനയിലെ പ്രവർത്തനത്തിൽ ദീക്ഷിക്കപ്പെട്ടത്. ഖുർആൻ സൂക്തങ്ങൾ മക്കിയെന്നും മദനിയെന്നും തരം തിരിക്കപ്പെട്ടതും പ്രവാചക ചരിത്രം

ചെയ്ത കാര്യങ്ങളൊക്കെയും മഹത്കൃത്യങ്ങളായിരുന്നുവെന്ന് സായൂജ്യമടയുന്നതിനുപകരം, അവ നിരൂപണങ്ങൾക്കും പുനർ വിചിന്തനങ്ങൾക്കും വിധേയമാണ് എന്ന ശക്തമായ ബോധം ഇന്ന് പ്രസ്ഥാനങ്ങൾക്കുണ്ട്. "നിങ്ങൾ സ്വന്തത്തെ വിചാരണചെയ്യുക" എന്ന ആഹ്വാനം വ്യക്തികൾക്കു മാത്രമല്ല, വ്യക്തികളുടെ കൂട്ടങ്ങൾക്കും അഥവാ പ്രസ്ഥാനങ്ങൾക്കും ബാധകമത്രെ. തദടിസ്ഥാനത്തിൽ ഇന്ന് പ്രസ്ഥാനങ്ങൾ സ്വയം വിചാരണ നടത്തുന്നുവെന്നു മാത്രമല്ല, അവ പരസ്യപ്പെടുത്തുകയും പരസ്യമായി തിരുത്തലുകൾ വരുത്തകയും ചെയ്യുന്നു.

മക്കാ ഘട്ടമെന്നും മദീനാഘട്ടമെന്നും വേർതിരിക്കപ്പെട്ടതും യാദൃച്ഛികമല്ല.

ഇസ്‌ലാം പൂർത്തീകരിക്കപ്പെട്ടതായി പ്രഖ്യാപിച്ചപ്പോഴും അല്ലാഹു ചെയ്തത്, ഭാവിയിൽ മാറേണ്ടിവരുന്ന കാര്യങ്ങളിൽ അതിനുള്ള പഴുതുകൾ മനുഷ്യന് വിട്ടുകൊടുത്തുകൊണ്ട്, അടിസ്ഥാനങ്ങൾ മാത്രം നൽകിയെന്നതാണ്. ഇങ്ങനെ, കാലത്തിനൊപ്പം സഞ്ചരിക്കാനുള്ള പഴുതവശേഷിപ്പിച്ചതുകൊണ്ടാണ് ഇസ്‌ലാം കാലാതിവർത്തിയായത്. ആ പഴുതുകളെ തജ്ദീദും (നവീകരണം) ഇജ്തിഹാദും (ഗവേഷണം) ത്രസിപ്പിക്കുകയും ചെയ്തു. ഇസ്‌ലാമിനെ കാലാനുസൃതമാക്കുന്ന തജ്ദീദും ഇജ്തിഹാദും ഇസ്‌ലാമിന്റെ മേൽ വെച്ചുകെട്ടിയ സങ്കേതങ്ങളല്ല, അതിൽ സ്ഥായിയായി ഉൾച്ചേർന്നുനിൽക്കുന്ന ഘടകങ്ങളാണ്.

“നിശ്ചയം, അല്ലാഹു എല്ലാ നൂറ്റാണ്ടിന്റെയും ആദ്യത്തിൽ ഈ സമുദായത്തിന് അതിന്റെ ദീനിനെ നവീകരിക്കുന്ന പരിഷ്കർത്താക്കളെ നിയോഗിക്കുന്നതായിരിക്കും”(1) എന്ന ഹദീസ്, നവീകരണ പ്രക്രിയ ദൈവിക നടപടിക്രമ(സുന്നത്തുല്ലാഹ്)മാണെന്ന് കുറിക്കുന്നു.

പ്രവാചകൻ(സ) മുആദുബ്നു ജബലി(റ)നെ യമനിലേക്ക് നിയോഗിക്കവെ, ഖുർആനിലും സുന്നത്തിലും കാണാത്ത വിഷയങ്ങളിൽ താങ്കളെന്തു നിലപാടു സ്വീകരിക്കും എന്നു ചോദിച്ചപ്പോൾ, ഞാൻ ഇജ്തിഹാദ് നടത്തും (2) എന്ന് മറുപടി പറഞ്ഞതിനെ പ്രവാചകൻ ശ്ലാഘിച്ചത്, അവിടുന്ന് ജീവിച്ചിരിക്കുമ്പോൾ തന്നെ ഇജ്തിഹാദ് അംഗീകരിക്കപ്പെട്ടിരുന്നുവെന്നതിന്റെ തെളിവാണ്.

## ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ പരിവർത്തനക്ഷമത

അല്ലാഹു ദീനുൽ ഇസ്‌ലാമിനെ വ്യത്യസ്ത കാലങ്ങളിൽ അവതരിപ്പിച്ചുകൊണ്ടിരുന്നതുതന്നെ കാലാനുസൃതമായ മാറ്റങ്ങളോടെയാണ് എന്നിരിക്കെ, മനുഷ്യ നിർമിതിയായ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് മാറാതെ വയ്യ. മാറ്റങ്ങൾ അത്ഭുതങ്ങളല്ല, അനിവാര്യതകളാണ്. ചടുലതയെയും ചലനാത്മകതയെയുമാണത് കുറിക്കുന്നത്. അതിനാൽ,പരിവർത്തനങ്ങളെ പാപകൃത്യങ്ങളായി ഗണിക്കുന്നത് ശരിയല്ല. മാറ്റങ്ങൾ പഴയവയെ തള്ളിപ്പറയുകയല്ല, പകരം അവയെ നവീകരിക്കുക മാത്രമാണ് എന്നു ബോധ്യപ്പെടുമ്പോൾ, അതൊരു സ്വാഭാവിക പ്രക്രിയയായാണ് അനുഭവപ്പെടുക.

ഇരുപതാംനൂറ്റാണ്ടിലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ആവിർഭാവകാലമായ തൊള്ളായിരത്തി മുപ്പതുകളിലും നാൽപതുകളിലും സ്വീകരിച്ച ശൈലികളിൽ അവക്ക് ഉറച്ചുനിൽക്കാനാവില്ല, നിന്നിട്ടുമില്ല. നൂറ്റാണ്ടിന്റെ നവോത്ഥാന പ്രസ്ഥാനങ്ങളായ അൽ ഇഖ്‌വാനുൽ മുസ്‌ലിമൂന്റെയും ജമാഅത്തെ ഇസ്‌ലാമിയുടെയും ശിൽപികളായ ഇമാം ഹസനുൽ ബന്നായും ഇമാം മൗദൂദിയും അവർ ജീവിച്ചിരിക്കുമ്പോൾ തന്നെ തങ്ങളുടെ പ്രസ്ഥാനങ്ങളെ കാലത്തിനൊപ്പം സഞ്ചരിക്കാൻ സജ്ജമാക്കിയിരുന്നു. ഇഖ്‌വാന്റെ രൂപീകരണ വർഷമായ 1928-ലെ ബന്നായെയല്ല, '48-ൽ ശഹീദാവുന്ന ബന്നായിൽ നാം കാണുന്നത്. അദ്ദേഹത്തിന്റെ കാലശേഷവും പ്രസ്ഥാനത്തിൽ ഒരുപാടു മാറ്റങ്ങളുണ്ടായി. ബന്നായുടെ കാഴ്ചപ്പാടുകളിൽ പോലും തിരുത്തലുകളുണ്ടായി.

'30-കളിൽ കത്തിനിന്നതുപോലെയല്ല, '70 കളിൽ മൗദൂദി പ്രകാശം പരത്തുന്നത്. തുടക്കത്തിൽ ഇസ്‌ലാമിക വ്യവസ്ഥയുടെ കാര്യത്തിൽ ഭൗതിക പ്രത്യയശാസ്ത്രങ്ങളോട് യാതൊരു വിട്ടുവീഴ്ചക്കും തയാറല്ലാതിരുന്ന മൗദൂദി, അറുപതുകളിലും എഴുപതുകളിലും നിലവിലുള്ള രാഷ്ട്രീയ വ്യവസ്ഥയെ തന്റെ വലിയ ലക്ഷ്യത്തിന് എങ്ങനെ ഉപയോഗപ്പെടുത്താം എന്ന് ചിന്തിക്കുന്നതാണ് കണ്ടത്. ഇന്ത്യയിൽ പോലും ഇലക്ഷൻ രാഷ്ട്രീയത്തിൽ പങ്കുകൊള്ളണമെന്ന് അദ്ദേഹം സ്വകാര്യ സംഭാഷണങ്ങളിൽ അഭിപ്രായപ്പെട്ടു. ഇന്ത്യയിൽ നയനിലപാടുകൾ സ്വീകരിക്കാൻ ഇന്ത്യയിലെ പ്രസ്ഥാനത്തെത്തന്നെ അനുവദിക്കുക എന്ന മാന്യത കൊണ്ടാണ് പരസ്യമായത് പ്രകടിപ്പിക്കാതിരുന്നത്.

## പുനർവിചിന്തനങ്ങൾ

ചെയ്ത കാര്യങ്ങളൊക്കെയും മഹത്കൃത്യങ്ങളായിരുന്നുവെന്ന് സായൂജ്യമടയുന്നതിനുപകരം, അവ നിരൂപണങ്ങൾക്കും പുനർ വിചിന്തനങ്ങൾക്കും വിധേയമാണ് എന്ന ശക്തമായ ബോധം ഇന്ന് പ്രസ്ഥാനങ്ങൾക്കുണ്ട്. “നിങ്ങൾ സ്വന്തത്തെ വിചാരണചെയ്യുക” എന്ന ആഹ്വാനം വ്യക്തികൾക്കു മാത്രമല്ല, വ്യക്തികളുടെ കൂട്ടങ്ങൾക്കും അഥവാ പ്രസ്ഥാനങ്ങൾക്കും ബാധകമത്രെ. തദടിസ്ഥാനത്തിൽ ഇന്ന് പ്രസ്ഥാനങ്ങൾ സ്വയം വിചാരണ നടത്തുന്നുവെന്നു മാത്രമല്ല, അവ പരസ്യപ്പെടുത്തുകയും പരസ്യമായി തിരുത്തലുകൾ വരുത്തുകയും ചെയ്യുന്നു.

ഈജിപ്തിലെ തീവ്രവാദ സംഘടനയായ 'അൽ ജമാഅത്തുൽ ഇസ്‌ലാമിയ്യ' ആയുധമുപേക്ഷിക്കാൻ തീരുമാനിച്ച ശേഷം പ്രസിദ്ധീകരിച്ച പഠന പരമ്പരകൾ ഈ രംഗത്തെ ഏറ്റവും ആർജവമുള്ള നടപടിയായിരുന്നു. 'പുനർ വിചിന്തനം' എന്ന പേരിൽ പ്രസിദ്ധമാണിന്ന് ആ രേഖകൾ. 'കാഴ്ചപ്പാടുകളെ തിരുത്തുക' എന്ന തലക്കെട്ടിൽ കുറേ കൃതികളുടെ പരമ്പരകൾ തന്നെ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുകയാണിപ്പോൾ ആ സംഘടന(3).

തുനീഷ്യയിൽ, സഹനമവലംബിക്കുന്നതിനു പകരം ഭരണകൂടവുമായി ഏ



ഹമാസിന്റെ റാലി

റ്റുമുട്ടാൻ ധൃതികാണിച്ചത് തെറ്റായിപ്പോയി എന്ന് റാശിദുൽ ഗനൂശിയുടെ *അന്നഹ്ദ* വിലയിരുത്തുകയുണ്ടായി. “ഗവൺമെന്റിന്റെ പീഡനങ്ങളിൽ ഞങ്ങൾക്ക് കൂടുതൽ ക്ഷമയവലംബിക്കാമായിരുന്നു. അതുവഴി ഇപ്പോൾ എത്തിപ്പെട്ട വിപത്തിൽ നിന്ന് രാജ്യത്തെ രക്ഷിക്കാമായിരുന്നു” വെന്നാണ് സംഘടന പറഞ്ഞത്.

സിറിയയിൽ എൺപതുകളിൽ ‘ഹമാത്തി’ൽ വിപ്ലവശ്രമം നടത്തി, ഹാഫിസുൽ അസദിന് മുപ്പതിനായിരത്തിലധികം പേരെ കൂട്ടക്കൊല നടത്താൻ അവസരം നൽകിയത് തെറ്റായി എന്ന് സിറിയയിലെ ഇഖ്‌വാന്റെ കാര്യദർശി ഹസൻ ഹുവൈദി ഈയിടെ ഒരഭിമുഖത്തിൽ ഏറ്റുപറഞ്ഞു.[4] ഹാഫിസുൽ അസദ് ചർച്ചക്ക് തയാറായിരുന്നെങ്കിലും സംഘടനയിലെ ചെറുപ്പക്കാർ അത് തള്ളിക്കളയുകയായിരുന്നുവെന്ന് അദ്ദേഹം അനുസ്മരിക്കുന്നു.

ഇതുപോലുള്ള അഭിപ്രായങ്ങൾ ഈജിപ്തിൽ ജമാൽ അബ്ദുന്നാസിർ ഭരണകൂടത്തിന്റെ കാര്യത്തിലും ഇഖ്‌വാന് ഉണ്ടായിരുന്നതായി മുൻകാല നേതാക്കൾ എഴുതിയിട്ടുണ്ട്.[5]

അൾജീരിയയിൽ ഇസ്‌ലാമിക് സാൽവേഷൻ ഫ്രണ്ടിന്റെ ഇലക്ഷൻ വിജയത്തെ അട്ടിമറിച്ചതിനെത്തുടർന്ന് കലാപത്തിനിറങ്ങിയത് തെറ്റായിരുന്നുവെന്നും അന്ന് പട്ടാളഭരണകൂടത്തെ അതിജയിക്കാനൊരുമ്പെട്ടത് വിഡ്ഢിത്തമായിരുന്നുവെന്നും, പതിനഞ്ചു വർഷത്തെ പ്രവാസ ജീവിതം കഴിഞ്ഞ് അൾജീരിയയിൽ തിരിച്ചെത്തിയ സാൽവേഷൻ ഫ്രണ്ട് നേതാവ് ശൈഖ് റാബിഹ് കബീർ കുറ്റസമ്മതം നടത്തിയത് മറ്റൊരുദാഹരണമാണ്.[6]

ഏറ്റവുമൊടുവിലത്തെ ജോർദാൻ തെരഞ്ഞെടുപ്പിൽ, പാർലമെന്റിലെ 17 അംഗ പ്രാതിനിധ്യത്തിൽ നിന്ന് 6 അംഗങ്ങളിലേക്ക് ചുരുങ്ങിയ ഇഖ്‌വാൻ, സ്ട്രാറ്റജി നിർണയത്തിൽ പാളിച്ച സംഭവിച്ചതായി കുറ്റസമ്മതം നടത്തുകയും ഉത്തരവാദിത്വമേറ്റെടുത്ത് സംഘടനയുടെ ശൂറ ഒന്നടങ്കം രാജിവെക്കുകയും ചെയ്തു.

ചുരുക്കത്തിൽ, സ്വയം നിരൂപണങ്ങൾക്കും പുനർവിചിന്തനങ്ങൾക്കും ആർജവം കാണിച്ചു തുടങ്ങിയ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ അവയുടെ ഭൂതകാലത്തെ സത്യസന്ധമായി സ്വയം നിരൂപിക്കുകയും തിരുത്തേണ്ടവയെ തിരുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. തദടിസ്ഥാനത്തിൽ, നയനിലപാടുകളിലും സമീപനങ്ങളിലും സ്ട്രാറ്റജിയിലും അവ



*റജബ് ത്വയ്യിബ് ഉർദുഗാൻ*

കാലാനുസൃതമായ ഒരുപാട് മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നു. ചില ഉദാഹരണങ്ങൾ പരിശോധിക്കാം:

## അകലം പാലിക്കാതെ

‘ജാഹിലിയ്യ’ സമൂഹത്തിൽ നിന്ന് അകലം പാലിച്ചു ദൂരെ മാറിനിന്ന്, അവർക്ക് താത്ത്വികോപദേശങ്ങൾ നൽകുന്ന ദാർശനിക കൂട്ടായ്മ എന്നതിൽ നിന്ന് മാറി, സമൂഹത്തിൽ ഉൾച്ചേർന്നു നിൽക്കുന്ന ജനകീയ സംരംഭം എന്ന അവസ്ഥയിലേക്ക് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു.ആശയങ്ങളെ ആശയങ്ങൾകൊണ്ട് നേരിടുന്ന, വിട്ടുവീഴ്ചയില്ലാത്ത ദാർശനിക പോരാട്ടത്തിലായിരുന്നു മുമ്പ് പ്രസ്ഥാനങ്ങൾ. ഇസ്‌ലാമിനെയും ജാഹിലിയ്യത്തിനെയും വേർതിരിച്ചു വരച്ചുകാണിക്കേണ്ട ഘട്ടമായിരുന്നു അത്. അവിടെ ഉൾക്കൊള്ളലിന്റെ രീതിശാസ്ത്രം വിഷയമാകില്ല. ഇസ്‌ലാമും അങ്ങനെത്തന്നെയായിരുന്നു. മക്കയിൽ അത് ജാഹിലിയ്യ സമൂഹത്തോട് വിട്ടുവീഴ്ചക്ക് നിന്നില്ല. എന്നാൽ മദീനയിലെത്തിയതോടെ ബദ്ധശത്രുക്കളായ ജൂതന്മാരുമായി സമവായത്തിനു ശ്രമിച്ചു. ‘അവരെല്ലാവരും ഒരുപോലെയല്ല’[7] എന്നു പറഞ്ഞു തുടങ്ങി. വിയോജിക്കുന്നവരെ ഉൾകൊള്ളാനും കൂടെ നിർത്താനുമാണ് പിന്നെ ശ്രമിച്ചത്. ജൂതന്മാരെ മുസ്‌ലിംകളോടൊപ്പമുള്ള ഒരു കമ്യൂണിറ്റി ആയി ഗണിച്ചും അവരുടെ മതസ്വാതന്ത്ര്യം അനുവദിച്ചും അക്രമികൾക്കെതിരെ ഇരു കൂട്ടരും സഹകരിക്കുമെന്നുറപ്പിച്ചും കരാറിലേർപ്പെട്ടു പ്രവാചകൻ. നീതി, സമത്വം, മനുഷ്യാവകാശങ്ങൾ തുടങ്ങിയ മൂല്യങ്ങളെ ആ കരാർ ഉയർത്തിപ്പിടിച്ചു. ബഹുസ്വര സമൂഹത്തിൽ ഇസ്‌ലാം അനുവർത്തിക്കുന്ന സമീപനത്തിന്റെ മികച്ച ഉദാഹരണമാണ് മദീന കരാർ. പതിനാലു നൂറ്റാണ്ട് മുമ്പ് പ്രവാചകൻ രൂപകൽപന ചെയ്ത പ്രസ്തുത ഭരണഘടനയുടെ അടിസ്ഥാനത്തിലേക്ക് ആധുനിക രാഷ്ട്ര സംവിധാനങ്ങൾ എത്തിക്കൊണ്ടിരിക്കുന്നേയുള്ളൂ.

പറഞ്ഞുവന്നത്, മുഹമ്മദീയ പ്രബോധനം പൊതുനന്മക്ക് വേണ്ടി മദീന ഘട്ടത്തിൽ സ്വീകരിച്ച ഉൾക്കൊള്ളൽ രാഷ്ട്രീയത്തിലേക്ക് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ പ്രവേശിച്ചു കഴിഞ്ഞുവെന്നാണ്. ഇസ്‌ലാമിസ്റ്റുകളെ മാത്രമല്ല, ഇസ്‌ലാം വിരുദ്ധരെയും പൊതുനന്മക്കുവേണ്ടി അവ

ബഹുസ്വര സമൂഹത്തിൽ ഇസ്‌ലാം അനുവർത്തിക്കുന്ന സമീപനത്തിന്റെ മികച്ച ഉദാഹരണമാണ് മദീന കരാർ. പതിനാലു നൂറ്റാണ്ട് മുമ്പ് പ്രവാചകൻ രൂപകൽപന ചെയ്ത പ്രസ്തുത ഭരണഘടനയുടെ അടിസ്ഥാനത്തിലേക്ക് ആധുനിക രാഷ്ട്ര സംവിധാനങ്ങൾ എത്തിക്കൊണ്ടിരിക്കുന്നേയുള്ളൂ.

ഉൾകൊണ്ടുകൊണ്ടിരിക്കുന്നു. മുസ്‌ലിംകളെ മാത്രമല്ല അമുസ്‌ലിംകളെയും അതാകർഷിച്ചുകൊണ്ടിരിക്കുന്നു.

ഈജിപ്തിൽ ഇഖ്‌വാൻ അതിന്റെ സ്ഥാനാർഥി പട്ടികയിൽ ക്രിസ്ത്യൻ ന്യൂനപക്ഷത്തെ ഉൾപ്പെടുത്തി മത്സരിപ്പിക്കുന്നത് പതിവാണ്. ജനസംഖ്യയിൽ ആറുശതമാനത്തോളം വരുന്ന കോപ്റ്റിക് ക്രിസ്ത്യാനികളുമായി നേരത്തെ തന്നെ അടുത്ത ബന്ധമുണ്ട് ഇഖ്‌വാന്. മതസ്വാതന്ത്ര്യത്തെ ആദരിക്കുകയും എല്ലാ മതങ്ങളെയും ഉൾക്കൊള്ളുകയും ചെയ്യുന്ന ഇഖ്‌വാനാണ് തങ്ങളുടെ താൽപര്യങ്ങളെ സംരക്ഷിക്കുക എന്നറിയാവുന്നതുകൊണ്ടാണ് അവർ ഇഖ്‌വാൻ സ്ഥാനാർഥികളെ പിന്തുണക്കുന്നത്. ഈയിടെ ക്രിസ്ത്യൻ പുരോഹിതൻ റഫ്അത്ത് ഫിക്‌രി, കോപ്റ്റിക് ക്രിസ്ത്യാനികളെ ഇഖ്‌വാൻ ഘടനയിൽ അംഗങ്ങളായി ചേർക്കണമെന്ന് ആവശ്യപ്പെട്ടതും ഇഖ്‌വാൻ അതിനെ സ്വാഗതം ചെയ്തതും ശ്രദ്ധേയമാണ്. അതിൽ അസാധാരണമായി ഒന്നുമില്ലെന്നും പരസ്യമായി പ്രവർത്തിക്കാൻ

സ്വാതന്ത്ര്യമില്ലെന്നത് മാത്രമാണ് ഇപ്പോഴത്തെ പ്രശ്നമെന്നുമായിരുന്നു ഇഖ്‌വാന്റെ പ്രതികരണം. കോപ്റ്റിക് ക്രിസ്ത്യാനികളോടുള്ള നിലപാടിൽ ഇനിയും പുനഃപരിശോധനകൾ ആവശ്യമാണെങ്കിൽ ഇഖ്‌വാൻ അതിനു തയാറായിരിക്കുമെന്ന് സംഘടനയുടെ നേതാവ് ഡോ. ഉസാമുൽ ഉർയാൻ വ്യക്തമാക്കിയിട്ടുണ്ട്. സംഘടനയുടെ സ്ഥാനാർഥിപട്ടികയിൽ ക്രിസ്ത്യൻ ന്യൂനപക്ഷത്തെ ഉൾപ്പെടുത്താൻ എന്നും സന്നദ്ധമാണെന്നും, 2006-ലെ മുൻസിപ്പൽ തെരഞ്ഞെടുപ്പിൽ ആയിരം ക്രിസ്ത്യാനികളെ മത്സരിപ്പിക്കാൻ തങ്ങൾ തയാറായിരുന്നുവെന്നും അദ്ദേഹം വെളിപ്പെടുത്തി. ക്രിസ്ത്യാനികൾക്ക് ഈജിപ്തിൽ സംഘടനയുണ്ടാകുന്നതിനെയും തങ്ങൾ സ്വാഗതം ചെയ്യുന്നതായി അദ്ദേഹം പറഞ്ഞു. ജോർദാനിൽ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഒരു ക്രിസ്ത്യൻ എം.പിയെത്തന്നെ ഇഖ്‌വാൻ വേദിയായ ജബ്ഹത്തുൽ അമലിൽ ഇസ്‌ലാമി വിജയിപ്പിച്ചെടുത്തതും സ്മരണീയമത്രെ.

യമനിൽ ഇഖ്‌വാന്റെ രാഷ്ട്രീയ വേദിയായ 'യമൻ ഗാതറിംഗ് ഫോർ റിഫോംസ്' കമ്യൂണിസത്തെ യമനിൽ നിന്ന് നാടുകടത്തിയ പ്രസ്ഥാനമായിരുന്നു. ദക്ഷിണ യമനിലെ സോഷ്യലിസ്റ്റ് ഭരണകൂടത്തെ പിഴുതെറിയുന്നതിൽ അതു വഹിച്ച പങ്ക് വളരെ വലുതാണ്. 1979 മുതൽ പ്രസിഡന്റ് അലി അബ്ദുല്ല സ്വാലിഹിന്റെ കൂടെനിന്ന സംഘടന ഒടുവിൽ സ്വാലിഹിന്റെ സ്വേഛാധിപത്യത്തിനെതിരിൽ 2006 സെപ്റ്റംബറിൽ നടന്ന ഒടുവിലത്തെ തെരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റുകളുടെയും പിന്തുണവാങ്ങുന്നതാണ് കണ്ടത്.

ഇക്കാര്യത്തിൽ യൂറോപ്പിലെ ഇ




സ്‌ലാമിക പ്രസ്ഥാനങ്ങൾ വളരെ മുന്നിലാണ്. ബഹുസ്വര സമൂഹത്തിലെ മുസ്‌ലിം ന്യൂനപക്ഷ പ്രസ്ഥാനങ്ങളെന്ന നിലക്ക് ഉൾച്ചേരലിന്റെ രാഷ്ട്രീയം അവക്ക് കൂടുതൽ അനിവാര്യവുമായിരുന്നു. സെപ്റ്റംബർ 11-നുശേഷം ഇസ്‌ലാമിക സമൂഹം ഏറ്റവും അരക്ഷിതാവസ്ഥയും ഒറ്റപ്പെടലും അനുഭവിച്ചത് യൂറോപ്പിലും അമേരിക്കയിലുമാണ്. പൊതുസമൂഹത്തിൽ അവക്ക് ശബ്ദമില്ലായിരുന്നു. അധികാരകേന്ദ്രങ്ങളിൽ സാന്നിധ്യമില്ലായിരുന്നു. രാഷ്ട്രീയത്തിൽ അവരുടെ സ്വാധീനം വട്ടപ്പൂജ്യമായിരുന്നു. നിയമനിർമാണ സഭകളിൽ പ്രാതിനിധ്യമില്ലായിരുന്നു.

ഈജിപ്തിൽ ഇഖ്‌വാൻ അതിന്റെ സ്ഥാനാർഥി പട്ടികയിൽ ക്രിസ്ത്യൻ ന്യൂനപക്ഷത്തെ ഉൾപ്പെടുത്തി മത്സരിപ്പിക്കുന്നത് പതിവാണ്. ജനസംഖ്യയിൽ ആറുശതമാനത്തോളം വരുന്ന കോപ്റ്റിക് ക്രിസ്ത്യാനികളുമായി നേരത്തെ തന്നെ അടുത്ത ബന്ധമുണ്ട് ഇഖ്‌വാന്ന്.

സ്വാഭാവികമായിരുന്നു ഈ പരിണതി. കുടിയേറ്റ മുസ്‌ലിംകൾക്ക് യൂറോപ്പിലും അമേരിക്കയിലും പൗരത്വം സ്വീകരിക്കാമോ എന്ന് ചർച്ച ചെയ്യുകയായിരുന്നു അടുത്തകാലം വരെ അവർ. ഒരനിസ്‌ലാമിക വ്യവസ്ഥിതിയിൽ പൗരത്വം അനഭിലഷണീയമായി കാണുന്നു അവരിൽ പലരും. സെപ്റ്റംബർ പതിനൊന്നോടുകൂടിയാണ് അന്നാടുകളിൽ, ന്യൂനപക്ഷമാണെങ്കിലും ചെറുതല്ലാത്ത മുസ്‌ലിം ജനസംഖ്യയുണ്ടായിട്ടും തങ്ങൾ നിസ്സഹായരാണ് എന്നവർക്ക് ബോധ്യപ്പെട്ടുതുടങ്ങിയത്. അതോടെ ഇസ്‌ലാമിക കൂട്ടായ്മകൾ, ഉൾച്ചേരലിന്റെ രാഷ്ട്രീയം ഊന്നിപ്പറഞ്ഞുതുടങ്ങി. പൗരത്വമെടുക്കുന്നത് നിഷിദ്ധമല്ല, നിർബന്ധ ബാധ്യതയാണ് എന്ന് ഉണർത്തി. സംവാദ (Dialogue)വും സഹജീവന (Co-existence)വും തത്വങ്ങളായി ഉയർത്തിപ്പിടിച്ചു. ഇസ്‌ലാംവിരുദ്ധ-സാമ്രാജ്യത്വ രാഷ്ട്രങ്ങളാണെങ്കിലും ശരി, യൂറോപ്യൻ അമേരിക്കൻ സൈന്യങ്ങളിൽ മുസ്‌ലിംകൾ സേവനം ചെയ്യുന്നത് അനുവദനീയമാണെന്നും മുസ്‌ലിം



*ബംഗ്ലാദേശ് ജമാഅത്തെ ഇസ്‌ലാമി നേതാവ് മുത്വീഉർറഹ്മാൻ*

രാജ്യങ്ങളിലേക്ക് യുദ്ധത്തിന് പോകാൻ ആഹ്വാനം വന്നാൽ പോലും മുസ്‌ലിം സൈനികർ അത് സ്വീകരിക്കണമെന്നുള്ള ഫത്‌വകൾ ഈ ഉൾച്ചേരൽ സമീപനത്തിന്റെ ഭാഗമായിരുന്നു.

നോമ്പ്, പെരുന്നാൾ പോലുള്ള വിശേഷദിവസങ്ങളിൽ പ്രസിഡണ്ട്-പ്രധാനമന്ത്രിമാരെ ക്ഷണിച്ചുകൊണ്ടുള്ള പരിപാടികൾ, മുസ്‌ലിം പള്ളികൾ മതഭേദമന്യെ എല്ലാവർക്കും സന്ദർശിക്കാനുള്ള അവസരമൊരുക്കൽ, പരമാവധി സർക്കാർ സ്ഥാപനങ്ങളിൽ ഉദ്യോഗം നേടിയെടുക്കൽ, രാഷ്ട്രീയത്തിൽ ലോബിയിംഗും വോട്ടുസമാഹരണവും തുടങ്ങിയ ഒട്ടേറെ പ്രവർത്തനങ്ങൾ ഇന്ന് യൂറോപ്പിലെ ഇസ്‌ലാമിസ്റ്റുകൾ ഉൾചേരൽ സമീപനത്തിന്റെ ഭാഗമായി നടത്തിവരുന്നുണ്ട്.

ജനകീയ പ്രസ്ഥാനങ്ങളായി രൂപാന്തരപ്പെടുന്നതിന്റെ ഭാഗമായി ഇന്നു പൊതു സമൂഹത്തിന്റെ പ്രശ്നങ്ങളെ ഏറ്റെടുക്കുകയാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ. തങ്ങളുടെ പ്രശ്നങ്ങളോടുള്ള നിലപാട് നോക്കിയാണ് ഓരോ സമൂഹവും പ്രസ്ഥാനങ്ങളെ വിലയിരുത്തുന്നത്. അവയുടെ തത്വങ്ങൾ മാത്രം മുമ്പിൽ വച്ചുകൊണ്ടല്ല. സമൂഹത്തിന്റെ പ്രശ്നങ്ങളോട് പുറംതിരിഞ്ഞുനിൽക്കുന്നൊരു പ്രസ്ഥാനം അതിന്റെ തത്വങ്ങളുടെ മഹത്വം കൊണ്ടു മാത്രം സ്വീകാര്യത നേടുന്നില്ല. അതേയവസരം ജനങ്ങളുടെ പ്രശ്നങ്ങളെ ഏറ്റെടുക്കുന്നവരുടെ തത്വങ്ങളെ - അവർ ആരായിരുന്നാലും - മനസ്സിലാക്കാൻ ജനങ്ങൾ ശ്രമിക്കുന്നതായാണ് അനുഭവം. ഈ തിരിച്ചറിവിൽ നിന്നാണ്, വെറും താത്ത്വിക തലങ്ങളിൽ നിന്ന് പ്രസ്ഥാനങ്ങൾ സാമൂഹിക ജനസേവന സംരംഭങ്ങളായി സ്വയം മാറുന്നത്.

പൊതുസമൂഹത്തിന്റെ പ്രശ്നങ്ങളെ ഏറ്റെടുക്കുന്നതിൽ ഇന്ന് ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത് അവിടങ്ങ

ളിലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങളാണ്. ഈജിപ്തിൽ ഭൂകമ്പമുണ്ടായപ്പോൾ സർക്കാർ ഏജൻസികൾക്ക് മുമ്പ് സ്ഥലത്തെത്തി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തത് ഇഖ്‌വാനായിരുന്നു. തൊഴിലില്ലായ്മയും ദാരിദ്ര്യവും അനുഭവിക്കുന്ന അസംതൃപ്തരായ ഈജിപ്ഷ്യൻ പൗരന്മാരുടെ പ്രതീക്ഷയാണിന്ന് ഇഖ്‌വാൻ. അവരുടെ പക്ഷത്തുനിന്ന് പ്രതിഷേധിക്കുകയും പ്രതികരിക്കുകയും ചെയ്യുന്ന ഈജിപ്തിലെ ഇസ്‌ലാമിക പ്രസ്ഥാനത്തെ ചില പാശ്ചാത്യ മാധ്യമങ്ങൾ വിലയിരുത്തിയത് ഒരു സമാന്തര സർക്കാർ കണക്കെ സേവന സംരംഭങ്ങൾ നടത്തുന്ന പ്രസ്ഥാനം എന്നാണ്.

ഫലസ്ത്വീനിലെ ഹമാസ് അവിടത്തെ ദശകങ്ങളുടെ പാരമ്പര്യമുള്ള പി.എൽ.ഒയെ പിന്നിലാക്കി വമ്പിച്ച ജനസ്വാധീനം നേടിയെടുത്തത് വെറും ജിഹാദ് കൊണ്ടല്ല, വമ്പിച്ച ജനകീയ സംരംഭങ്ങളിലൂടെയാണ്. ആശുപത്രികൾ, അഗതി -അനാഥ സംരക്ഷണ കേന്ദ്രങ്ങൾ, യൂനിവേഴ്സിറ്റികൾ തുടങ്ങിയ സംവിധാനങ്ങൾ ഹമാസ് തുടക്കം മുതലേ വളർത്തിയെടുത്തിരുന്നു.

ബംഗ്ലാദേശ് ജമാഅത്തെ ഇസ്‌ലാമി സ്വന്തമായി സാമ്പത്തിക സ്ഥാപനങ്ങളും ഇസ്‌ലാമിക് ബാങ്കുകളും തൊഴിലധിഷ്ഠിത സംരംഭങ്ങളും എഞ്ചിനീയറിംഗ്, മെഡിക്കൽ കോളേജുകളും, യൂനിവേഴ്സിറ്റികളും സ്ഥാപിച്ച് ജനകീയ പ്രസ്ഥാനമായിത്തീർന്നതിനാലാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വമ്പിച്ച മുന്നേറ്റം നടത്തിയതും ഖാലിദസിയാ സർക്കാരിൽ അധികാര പങ്കാളിത്തം നേടിയതും.

സൂനാമി ബാധിത പ്രദേശങ്ങളിൽ ഇന്തോനേഷ്യയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ രാഷ്ട്രീയ വേദിയായ ജസ്റ്റിസ് ആന്റ് വെൽഫയർ പാർട്ടി നടത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ, പാകിസ്താനിൽ ജമാഅത്തെ ഇസ്‌ലാമി അതിന്റെ ഖിദ്മത്ത് ഫൗണ്ടേഷൻ വഴി നടത്തിക്കൊണ്ടിരിക്കുന്ന ജനസേവന പ്രവർത്തനങ്ങൾ എന്നിവ ഈ ഗണത്തിൽ പ്രസ്താവ്യമാണ്.

അധികാരം ലഭിച്ചിടങ്ങളിലും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ സമൂഹത്തിന്റെ ആദർശവത്കരണത്തിലൊതുങ്ങാതെ അവരുടെ പൊള്ളുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ മുൻകൈയെടുക്കുന്നതും ശ്രദ്ധേയമാണ്. തുർക്കി ഉദാഹരണം. മുമ്പ് നജ്മുദ്ദീൻ അർബകാനും ഇപ്പോൾ റജബ് ത്വയ്യിബ് ഉർദുഗാനും തെരഞ്ഞെടുപ്പിൽ വിജയിക്കുന്നത് അവരുടെ ഇസ്‌ലാമിക മുദ്രാവാക്യങ്ങളേക്കാളേറെ, ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടികൾ മൂലമാണ്. ഉർദുഗാൻ ഈ രംഗത്ത് ബഹുമുഖ പദ്ധതികൾക്ക് രൂപം നൽകി. വിദ്യാർഥികൾക്ക് സൗജന്യപുസ്തകം, ദരിദ്രർക്ക് വീട്, അഴിമതിക്കാരുടെ ധനം കണ്ടുകെട്ടൽ തുടങ്ങിയ നടപടികളിലൂടെ അദ്ദേഹം പൊതുസമൂഹത്തിൽ സ്വീകാര്യത നേടി. പൗരന്മാരുടെ പ്രതിശീർഷ വരുമാനം ഇരട്ടിയിലധികമായി വർധിപ്പിക്കുംവിധം സാമ്പത്തിക പരിഷ്കാരങ്ങൾ നടപ്പിലാക്കി. വാർഷിക കയറ്റുമതി 36 മില്യനിൽ നിന്ന് 95 മില്യനാക്കി ഉയർത്തി. ഐ. എം. എഫ് ലോണിന്റെ തോത് കുറച്ചുകൊണ്ടുവന്നു. ഇത്തരം സാമ്പത്തിക പരിഷ്കാരങ്ങളാണ്, വീണ്ടും വൻ ഭൂരിപക്ഷത്തോടെ തുർക്കി ജനത അദ്ദേഹത്തെ അധികാരത്തിൽ തിരിച്ചു കൊണ്ടുവരാൻ കാരണമായത്. ■

മാറ്റങ്ങൾ അത്ഭുതങ്ങളല്ല, അനിവാര്യതകളാണ്. ചടുലതയെയും ചലനാത്മകതയെയുമാണത് കുറിക്കുന്നത്. അതിനാൽ, പരിവർത്തനങ്ങളെ പാപകൃത്യങ്ങളായി ഗണിക്കുന്നത് ശരിയല്ല. മാറ്റങ്ങൾ പഴയവയെ തള്ളിപ്പറയുകയല്ല, പകരം അവയെ നവീകരിക്കുക മാത്രമാണ് എന്നു ബോധ്യപ്പെടുമ്പോൾ, അതൊരു സ്വാഭാവിക പ്രക്രിയയായാണ് അനുഭവപ്പെടുക.




(തുടരും)

## കുറിപ്പുകൾ


1. അബൂദാവൂദ്
2. അഹ്മദ്, അബൂദാവൂദ്, തിർമിദി, നസാഇ
3. സിൽസിലത്തു തസ്ഹീഹുൽ മഫാഹിം, മക്തബതുത്തുറാസിൽ ഇസ്‌ലാമി - കയ്റോ
4. *അൽ മുജ്തമഅ്* വാരിക, ലക്കം 1741, 3/2/2007
5. *അൽ ഹറകത്തുൽ ഇസ്‌ലാമിയ്യ റുഅ്യ മുസ്തഖ്ബലിയ്യ* - ഡോ. അബ്ദുല്ല നഫീസി
6. *അൽ മുജ്തമഅ്* വാരിക
7. *ആലുഇംറാൻ* 113